മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development

In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



## ദേശാടനക്കാലം

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 51 DECEMBER 2025

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Vijesh vallikunnu

# ദേശാടനത്തിന്റെ മഞ്ഞുകാലം



മഞ്ഞുകാലം കേരളത്തെ ദേശാടനപ്പക്ഷികളുടെ താവളമാക്കിമാറ്റുന്നു. സൈബീരിയയിൽനിന്നും യൂറോപ്പിൽനിന്നുമുള്ള വിവിധയിനം പക്ഷികൾ തണുപ്പുകാലം ചെലവഴിക്കാൻ വേമ്പനാട്ടുകായൽ, കടലുണ്ടി പക്ഷിസങ്കേതം, മംഗളവനം തുടങ്ങിയ പ്രദേശങ്ങളിൽ എത്തുന്നു. മറ്റ് കായലുകളിലും തണ്ണീർത്തടങ്ങളിലും ദേശാടനപ്പക്ഷികൾ എത്താറുണ്ട്. ഈ പക്ഷികളുടെ വരവ് നമ്മുടെ ആവാസവ്യവസ്ഥയെയും ജൈവവൈവിധ്യത്തെയും സമ്പന്നമാക്കുന്നു. നമ്മുടെ തണ്ണീർത്തടങ്ങളുടെയും കായലുകളുടെയും ആരോഗ്യകരമായ നിലനിൽപ്പിന്റെ സൂചനകൂടിയാണ് ഇവയുടെ സാന്നിധ്യം.

# പ്രകൃതിയുടെ പുനരുജ്ജീവനം



കേരളത്തിന്റെ കാലാവസ്ഥയിൽ പൊതുവേ മഴക്കാലവും വേനലുമാണ് പ്രധാനം. എന്നാൽ, നവംബർമുതൽ ഫെബ്രുവരിവരെയുള്ള മാസങ്ങളിലെ മഞ്ഞുകാലം പരിസ്ഥിതിക്ക് അത്യധികം പ്രാധാന്യമുള്ള ഒരു കാലഘട്ടമാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ മഞ്ഞുകാലം വഹിക്കുന്ന പങ്ക് പലപ്പോഴും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെപോകുന്നുമുണ്ട്. മഞ്ഞുകാലത്തിന്റെ വരവോടെ താപനില കുറയുകയും അന്തരീക്ഷത്തിലെ ഈർപ്പം വർധിക്കുകയും ചെയ്യുന്നു. ഈ മാറ്റം, വേനലിൽ തളർന്നുപോയ വനമേഖലയ്ക്കും പുൽമേടുകൾക്കും വലിയ അനുഗ്രഹമാണ്. മഞ്ഞുകാലം സസ്യങ്ങളുടെ പുഷ്പിക്കലിനും കായ്ക്കലിനും അനുയോജ്യമായ അന്തരീക്ഷമൊരുക്കുന്നു. ഇടുക്കി, വയനാട് പോലുള്ള മലയോരമേഖലകളിലെ തണുപ്പ്, പലതരം അപൂർവ സസ്യജാലങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ഈ കാലയളവിലാണ് തേയില, കാപ്പി തുടങ്ങിയ വാണിജ്യ വിളകളുടെ വിളവെടുപ്പിന് ഉതകുന്ന ആരോഗ്യകരമായ കാലാവസ്ഥയുണ്ടാകുന്നത്.



# സൈലന്റ് വാലി

**ലോ**കത്തിലെ പുരാതനമായ മഴക്കാടുകളിലൊന്നാണ് പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ദേശീയോദ്യാനം. പശ്ചിമഘട്ടത്തിലെ ഏറ്റവും ശുദ്ധമായ കാടാണിത്. ഈ മഴക്കാടിന്, സാധാരണ മഴക്കാടുകളിലെപ്പോലെ കാതടപ്പിക്കുന്ന ശബ്ദമില്ല. ചില പ്രത്യേകതരം ചീവീടുകൾ സൈലന്റ് വാലിയിലെ വലിയൊരു ഭാഗത്ത് ഇല്ല എന്നതാണ് ഈ നിശ്ശബ്ദതയ്ക്ക് കാരണം. ഇതിലൂടെ ഒഴുകുന്ന കുന്തിപ്പുഴയാണ് കേരളത്തിലെ ഏറ്റവും ശുദ്ധമായ നദികളിലൊന്ന്. അതിന്റെ ഒഴുക്കിന്റെ ശബ്ദവും നേർത്തതാണ്. പുഴ വറ്റി മിണ്ടാതാവുകയും ചൂട് കൂടി ചീവീടുകൾ താമസത്തിനെത്താതിരിക്കുകയും ചെയ്യട്ടെ!

സ്നേഹപ്രഭ കെ.
വി.എൻ.പി. ഗവ. ഹയർ സക്കൻഡറി
സ്കൂൾ, പള്ളൂർ



# പച്ചയുടെ പാഠം

പടിഞ്ഞാറ് അറബിക്കടലും കിഴക്ക് പശ്ചിമഘട്ടത്തിലെ വൈവിധ്യമാർന്ന കാടുകളുമുള്ള കേരളത്തിന്റെ ആത്മാവുതന്നെ പ്രകൃതിയോടുള്ള സ്നേഹവും അടുപ്പവും ആണ്. എന്നാൽ ഈ പച്ചപ്പ് നേരിടുന്ന പരിസ്ഥിതിവെല്ലുവിളികൾ നാം ഗൗരവമായി കാണണം. കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ കേരളത്തെ വർഷംതോറും കൂടുതൽ ശക്തിമായി ബാധിക്കുന്നു. അമിതമഴയും മണ്ണിടിച്ചിലും, പിന്നീട് നീണ്ടുനിൽക്കുന്ന വരൾച്ചയും. ഇതൊക്കെ എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനെയും സുരക്ഷയെയും നേരിട്ട് ബാധിക്കുന്നു. ഓരോ സ്കൂളിലും നടപ്പാക്കുന്ന പരിസ്ഥിതിസംരക്ഷണ- ശുചിത്വപരിപാലന പദ്ധതികൾ നമ്മുടെ പച്ചഭാവിയെ നിലനിർത്താനുള്ള ശക്തമായ ചുവടുകളാണ്. പ്രകൃതിയെ സംരക്ഷിക്കുന്നത് മറ്റാരുടെയും ഉത്തരവാദിത്വമല്ല. അത് ഓരോരുത്തരുടെയും കടമയാണ്. ഇന്ന് നാം ചെയ്യുന്ന ചെറിയ പ്രവർത്തനങ്ങളാണ് നാളെയുടെ വലിയ സംരക്ഷണച്ചുവരുകൾ. ഈ നാട് കാണുന്നതല്ല; അതിനെ മനസ്സിലാക്കുകയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ് വലിയ കടമ.

ആയിഷത് ത്വഹൂറ കെ.കെ.
എ.എം.യു.പി. സ്കൂൾ
മുണ്ടക്കോട്ടുകുറുശ്ശി, പാലക്കാട്



# മൊണാർക്ക് ശലഭം

ഇതാണ് മൊണാർക്ക് ശലഭം. ഇവയുടെ ചിറകുകൾക്ക് കടുംഓറഞ്ച് നിറവും കറുത്ത ഞരമ്പുകളും അതിരുകളിൽ വെളുത്ത പുള്ളികളുള്ള വരമ്പുകളുമുണ്ട്. വടക്കേ അമേരിക്കയിലെ ഏറ്റവും പ്രശസ്തി നേടിയ ശലഭങ്ങളിലൊന്നാണ് മൊണാർക്. ഓരോ വർഷവും കാനഡയിൽനിന്ന് മെക്സിക്കോയിലേക്കും കാലിഫോർണിയയിലേക്കുമുള്ള ഇവയുടെ കൂട്ടത്തോടെയുള്ള ദേശാടനം വളരെ പ്രസിദ്ധമാണ്. മൊണാർക്ക് ശലഭങ്ങളുടെ ലാർവകൾ എരിക്കിന്റെ ഇലകൾമാത്രമാണ് സാധാരണമായി കഴിക്കുന്നത്.

പാർവതി ബി.
സെയ്ന്റ് ജോസഫ് സി.ജി.യു.പി.എസ്.
തൃപ്പൂണിത്തുറ, എറണാകുളം

ഈ ഫോട്ടോ കാണാം

# ടിബറ്റൻ വൈൽഡ് ആസ്



സ്ഥലം: ലഡാക്



പ്രമോദ് പാറകുഴിയിൽ
എച്ച്.എസ്.ടി. നാച്ചുറൽ സയൻസ്
ജി.വി.എച്ച്.എസ്.എസ്. മക്കരപ്പറമ്പ്
മലപ്പുറം




കൃഷിക്കാര്യം

# ഗ്രീൻ മാന്യൂർ കൃഷി

വേഗത്തിൽ വളരുന്ന പയറുവർഗങ്ങൾ, ധന്യവിളകൾ മുതലായ സസ്യങ്ങളെ വളർത്തി പിന്നീട് മണ്ണിൽ കലർത്തി പ്രകൃതിദത്ത വളമായി ഉപയോഗിക്കുന്ന രീതിയാണ്. ഇത് മണ്ണിന്റെ പോഷകശേഷിയും ജൈവസാമൃദ്ധിയും വർധിപ്പിച്ച് രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുന്നു. മണ്ണിലെ ഈർപ്പം നിലനിർത്താനും കീടരോഗപ്രതിരോധം മെച്ചപ്പെടുത്താനും കഴിയുന്നതിനാൽ പരിസ്ഥിതിസൗഹൃദവുമാണിത്. ലാഭകരമായ ഒരു ജനപ്രിയ ഗ്രീൻ കൃഷിരീതിയുമാണിത്.

ഗൗരിപ്രിയ പി.
ജി.എച്ച്.എസ്.എസ്. തെങ്ങോട്
എറണാകുളം

# ഇളം തെന്നൽ മൂളുന്ന ഗാനം

*"പുതിയൊരു ലോകം
ഇളം തെന്നൽ മൂളുന്ന ഗാനം...
ഞാൻ ഒഴുകും തിരയിൽ തലോടി..."*



ഈ പാട്ട്, ജീവിതത്തിലെ പുതുതായി തുടങ്ങുന്ന യാത്രകളുടെയും പ്രതീക്ഷകളുടെയും ആവേശം പ്രകൃതിയുടെ ശാന്തതയുമായി ചേർത്ത് അവതരിപ്പിക്കുന്നു. പാട്ടിൽ, പ്രകൃതി പുതു കാരുണ്യത്തിന്റെ പ്രതീകമായി പ്രത്യക്ഷപ്പെടുന്നു. കഥാപാത്രങ്ങളുടെ സ്വപ്നങ്ങൾ, സൗഹൃദങ്ങൾ, അനുഭവങ്ങൾ എന്നിവ പ്രകൃതിദൃശ്യങ്ങളിലൂടെ കൂടുതൽ സജീവവും മനോഹരവുമായിത്തീരുന്നു. പാട്ട് പുതുതായുള്ള ഒരു ലോകം മനുഷ്യന്റെ മനസ്സിൽ എങ്ങനെ വിരിയുന്നുവെന്ന് ഭംഗിയായി ചിത്രീകരിക്കുന്നു.

ദേവപ്രിയ കെ.എ.
ജി.യു.പി.എസ്., പുത്തൻചിറ, തൃശ്ശൂർ



# ഒരു മത്തൻ ജനിക്കുമ്പോൾ

മത്തൻ ചെടിയിൽ രണ്ടുതരം പൂക്കളുണ്ട്, ആൺപൂവും പെൺപൂവും. ഇവ രാവിലെ സൂര്യോദയത്തിനുശേഷം വിടരും; ഉച്ചയോടെ വാടിപ്പോവും. പെൺപൂവ് മത്തങ്ങയായി മാറാൻ, അതേ ദിവസം തന്നെ ആൺപൂവിലെ പൂമ്പൊടി തേനീച്ചകൾ പെൺപൂവിലേക്ക് എത്തിക്കണം. പരാഗണം നടക്കാത്ത പെൺപൂവ് അടുത്ത ദിവസം വാടിപ്പോകും. ചുരുക്കത്തിൽ ഒരു മത്തങ്ങ പിറക്കാൻ ഒരേ ദിവസത്തെ സൂര്യപ്രകാശത്തിൽ ആൺ പെൺ പൂക്കൾ വിടരണം. തേനീച്ചകളുടെ സഹായം ലഭിച്ച് പരാഗണവും നടക്കണം. ഇതെല്ലാം ഒത്തുചേർന്നാലേ ഒരു മത്തങ്ങയുണ്ടാകൂ.

ആതിര സനൽ
എസ്.എൻ.യു.പി. സ്കൂൾ
പോത്തിൻകണ്ടം

# പാമ്പുകൾ പാല് കുടിക്കുമോ?



പാമ്പുകൾ പാല് കുടിക്കുമെന്ന പഴമൊഴി തെറ്റാണ്. ഇവയ്ക്ക് പാലിലുള്ള ലാക്ടോസിനെ ദഹിപ്പിക്കാനാവില്ല. അവയുടെ ദഹനവ്യവസ്ഥ മാംസാഹാരത്തിനുമാത്രമേ അനുയോജ്യമാകൂ. പാമ്പിന് ചുണ്ടുകളില്ലാത്തതിനാൽ പാത്രത്തിലുള്ള പാല് കുടിക്കാനാവില്ല. അതിന്റെ നാവുകൊണ്ട് തൊട്ടുനോക്കുന്നതാണ് പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുന്നത്.

ഖദീജ
ക്രസന്റ് ഇ.എം. സ്കൂൾ
അജാനൂർ, കാസർകോട്



ലോകം എങ്ങനെ

# ഭൂമിയുടെ ഭാവി

ലോകം ഇന്ന് ശ്രദ്ധിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ നമ്മളെല്ലാവരും ഗൗരവമായി കാണേണ്ട വിഷയങ്ങളാണ്. കാലാവസ്ഥാ വ്യതിയാനംമൂലം അതിതീവ്രമായ ചൂടും പ്രളയവും വരൾച്ചയും അനുഭവപ്പെടുന്നു. വനനശീകരണവും മലിനീകരണവും കാരണം ഒട്ടേറെ ജീവജാലങ്ങൾ ഇല്ലാതാകുകയാണ്. പ്ലാസ്റ്റിക് മാലിന്യം സമുദ്രങ്ങളിലും മണ്ണിലും വലിയ വിഷമമാകുമ്പോൾ ശുദ്ധജലക്ഷാമം പല പ്രദേശങ്ങളിലും ഗുരുതരമായി അനുഭവപ്പെടുന്നു. വാഹനങ്ങളും വ്യവസായങ്ങളും ഉണ്ടാക്കുന്ന വായുമലിനീകരണം മനുഷ്യാരോഗ്യത്തെയും ഭൂമിയുടെ ഭാവിയെയും ഭീഷണിപ്പെടുത്തുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഓരോരുത്തരും പ്രകൃതിയെ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഭൂമി നമ്മൾ കൈവശം വയ്ക്കുന്ന ഒരു വസ്തുവല്ല; കഴിഞ്ഞ തലമുറയിൽനിന്ന് കടംവാങ്ങിയ ഒരു സമ്പത്താണ്. നമുക്ക് അത് സംരക്ഷിക്കാം... അടുത്ത തലമുറയ്ക്ക് കൈമാറാം.

അനാമിക സുനിൽ
പ്ലസ് വൺ, സയൻസ്
സെയ്ന്റ് ബെഹനാൻസ് H.H.S.S.
വെണ്ണിക്കുളം, പത്തനംതിട്ട

പൂവറിവ്



# മുക്കുറ്റി

ദശപുഷ്പങ്ങളിലൊന്നായ മുക്കുറ്റി വഴിയോരങ്ങളിലും വീട്ടുമുറ്റത്തും പാടവരമ്പുകളിലും ധാരാളമുണ്ടായിരുന്നു. എന്നാൽ, ഇന്ന് അവ അപ്രത്യക്ഷമാവുകയാണ്. സംസ്കൃതത്തിൽ 'ജലപുഷ്പം' എന്നാണിത് അറിയപ്പെടുന്നത്. അത്തപ്പൂക്കളത്തിൽ ഒഴിച്ചുകൂടാനാവാത്ത പുഷ്പമാണ് മുക്കുറ്റി. എട്ടുമുതൽ പത്തുവരെ സെന്റിമീറ്റർ ഉയരത്തിൽ വളരുന്നു. അഞ്ച് ഇതളുകളുള്ള മുക്കുറ്റിയുടെ പൂവുകൾ മഞ്ഞനിറമാണ്. പനി, ചുമ, കഫക്കെട്ട്, പ്രമേഹം, ഷുഗർ മുതലായ ഒട്ടേറെ രോഗങ്ങളെ പ്രതിരോധിക്കാൻ സാധിക്കുന്ന ഒരു ഒറ്റമൂലികൂടിയാണ് മുക്കുറ്റി. അടിമുടി ഔഷധമൂല്യമുള്ള മുക്കുറ്റി ഇന്ന് പറമ്പുകളിൽനിന്ന് അപ്രത്യക്ഷമാവുകയാണ്. ഔഷധമൂല്യമുള്ള മുക്കുറ്റി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

ആഷിക് ദത്ത് സി.എസ്.
അഗ്രികൾച്ചർ ഇൻസ്ട്രക്ടർ
സിദ്ധാർത്ഥ സെൻട്രൽ സ്കൂൾ
പള്ളിമൺ, കൊല്ലം

വർണച്ചിറക്
കവിത

# ജീവതാളം

**വെ**യിലൂറ്റി മഴ മോന്തി ഇതൾപൊട്ടി ഇല നീട്ടി
അടരാർന്ന മണ്ണിലിരു പാടുമായ് വേരോടി
ഉയിരേകുമുണ്മയെ തണുവാൽ പുതപ്പിച്ച്
ഉടലാർന്ന നന്മയായ് തണൽ വിരിച്ചും
തുടുവെയിൽ തൊടുമ്പോൾ പിടഞ്ഞുണർന്നും
ഹൃത്തിലുളവായൊരൊളി മിന്നലായ് പടർത്തീ
ഇളംചില്ലകളാ തിരിയേന്തി നിന്നൂ.

ഇളതൻ തിളക്കമൊരിറ്റെടുത്തും കുഞ്ഞു-
മുകുളത്തിനുള്ളിൽ ഒളിച്ചു വെച്ചും;
തളിരായി, മലരായി, കനിയായുണർവായി
പുതിയൊരു പ്രപഞ്ചം മെനഞ്ഞെടുത്തും
ജീവന്റെ തുള്ളികൾ പച്ചയാലേ,
നീലവിണ്ണിനെ പുൽകാൻ ചിറകു നീർത്തീ.

അപർണ ബി.
അധ്യാപിക, ജി.യു.പി.എസ്. ആന്തട്ട
കോഴിക്കോട്

# എന്റെ ഗ്രാമം

അന്നൊരു ശനിയാഴ്ചയായിരുന്നു. സ്കൂളില്ലാത്ത ദിവസം. മാളു എഴുന്നേൽക്കാൻ വളരെ വൈകി. വളരെ മടുപ്പോടെ എഴുന്നേറ്റപ്പോൾ അവളുടെ അമ്മ പറഞ്ഞു: വേഗം പല്ലു തേച്ച് റെഡിയായി വന്നാൽ നിന്നെ ഒരു സ്ഥലത്ത് കൊണ്ടുപോകാം. അവൾ വേഗം ഒരുങ്ങി വന്നു. അങ്ങനെ അവർ പുറപ്പെട്ടു. കുറെ ദൂരം യാത്രചെയ്ത് അവർ ഒരു ഗ്രാമത്തിലെത്തി. അവിടത്തെ കാഴ്ചകൾ കണ്ട മാളു അദ്ഭുതപ്പെട്ടു. മലകളും മരങ്ങളും പുഴകളും അങ്ങനെയങ്ങനെ ഒരുപാട് കാഴ്ചകൾ. അവൾ ഇന്നുവരെ ഇതുപോലെ ഒരു സ്ഥലം കണ്ടിട്ടില്ലായിരുന്നു. അവിടത്തെ കാഴ്ചകൾ അവളെ മറ്റൊരു ലോകത്തേക്ക് കൊണ്ടുപോയി. അവിടെ കുരങ്ങുകളുമുണ്ടായിരുന്നു. അവൾ കുരങ്ങുകളുടെ കൂടെ ഓടിക്കളിച്ചു. മോളേ, എഴുന്നേൽക്ക്... സ്കൂൾ ബസ് വരാറായി. അമ്മയുടെ നീട്ടിയുള്ള വിളി കേട്ട് അവൾ ഞെട്ടിയുണർന്നു. ശ്ശൊ! അതൊരു സ്വപ്നമായിരുന്നോ! ഭക്ഷണം കഴിച്ചുകഴിഞ്ഞ് സ്കൂൾ ബസിനായി കാത്തുനിൽക്കുമ്പോൾ അവൾ മനസ്സിൽ പറഞ്ഞു, സ്വപ്നമാണെങ്കിലും എന്ത് സൗന്ദര്യമാണ് എന്റെ പ്രകൃതിക്ക്...



പ്രിയങ്ക
എസ്.എച്ച്.എൽ.പി.എസ്.
രാമപുരം, കോട്ടയം




Published by Mathrubhumi Seed